# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ .എം.പി.എം.11/2348/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .എം.പി.എം.11/2348/23 തീയ്യതി: 06/12/2023

## മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ.കെ.കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അബ്ദുൽ ഗഫൂർ സി,ഓഡിറ്റ് ഓഫീസർ
2. ശ്രീ.സന്തോഷ് പി ടി,അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീ.അനീത് ബാബു കെ ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജമീല ചാലിയത്തൊടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് കുമാർ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.താഹിറ എൻ കെ | അസി.സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീമതി. സമീല കെ ടി | അസി.സെക്രട്ടറി ഇൻ ചാർജ് | 01-11-2022 | 22-11-2022 |
| ശ്രീ. അനീസ് ബാബു പി | അസി.സെക്രട്ടറി | 23-11-2022 | 31-03-2023 |
| ശ്രീമതി.നസ്ലി അബ്ദുൾ ഖാദർ ടി.കെ | കൃഷി ഓഫീസർ | 01-04-2022 | 03-09-2022 |
| ശ്രീമതി. ശ്രീജ കെ വി | കൃഷി ഓഫീസർ | 04-09-2022 | 11-01-2023 |
| ശ്രീ. റജീസ് പി സി | കൃഷി ഓഫീസർ | 12-01-2023 | 22-01-2023 |
| ശ്രീമതി റജീന കെ | കൃഷി ഓഫീസർ | 23-01-2023 | 31-03-2023 |
| ശ്രീ. അമൽ ഇ ആർ | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബേനസീർ | വി ഇ ഒ | 01-04-2022 | 23-08-2022 |
| ശ്രീമതി. ഷീജ എൻ | വി ഇ ഒ | 24-08-2022 | 31-03-2023 |
| ശ്രീമതി സബീന | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 08-01-2023 |
| ശ്രീമതി. ഹസ്ന കെ ടി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 09-01-2023 | 31-03-2023 |
| ശ്രീമതി ജ്യോതിർമയി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ ജലീൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. ഫുഹാദ് കോഴിസ്സൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 27-04-2022 |
| ശ്രീമതി. സമീറ മോൾ ടി പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 28-04-2022 | 31-03-2023 |
| ശ്രീമതി.ലൈല കരുമാരതൊടിക | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ ജി എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ഫണ്ടിനങ്ങളിലെ ACR, AFS തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ACR, Grant Statement തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാന സമാഹരണം-അവലോകനം | 1-11 |
| 19 | നിക്ഷേപ പ്രവൃത്തികൾ - അവലോകനം | 1-12 |
| 20 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി-ചെലവ് തുക ₹93574/-തടസ്സം ചെയ്യുന്നു. | 1-13 |
| 21 | പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-14 |
| 22 | പി.എച്ച്.സി.യിലേക്ക് ഇൻവർട്ടർ വാങ്ങൽ -നിർവ്വഹണത്തിലെ അപാകത | 1-15 |
| 23 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-16 |
| 24 | ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ– അവലോകനം | 1-17 |
| 25 | അംഗൻവാടികളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ -സർക്കാർ ഉത്തരവ് പാലിക്കാതെ 31896/- രൂപ അധികം നൽകി | 1-18 |
| 26 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-19 |
| 27 | ഫയലുകൾ കത്തിക്കപ്പെട്ടു എന്ന് അറിയിച്ചതിനാൽ ഓഡിറ്റ് പരിശോധന നടത്താനായില്ല | 1-20 |
| 28 | ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ് | 1-21 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 30 | മരം വെട്ടുകൂലി -തുക ഈടാക്കേണ്ടതാണ് | 1-23 |
| 31 | വാഹന ഉപയോഗം സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-24 |
| 32 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം- അപാകതകൾ | 1-25 |
| 33 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-5000/- രൂപ അധികം നൽകി | 1-26 |
| 34 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-27 |
| 35 | സാക്ഷരത മിഷൻ - പത്താം തരം തുല്യത പരീക്ഷക്ക് ഫീസ് അടവാക്കൽ -വിനിയോഗ വിവരം ലഭ്യമല്ല. ചെലവ് തുക ₹44,400/- തടസ്സം ചെയ്യുന്നു. | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-5000/- രൂപ അധികം നൽകി | 3-1 |
| 2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -5570 രൂപ അധികം നൽകി | 3-2 |

| | | |
|---|---|---|
| 3 | അംഗൻവാടികളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ -സർക്കാർ ഉത്തരവ് പാലിക്കാതെ 31896/- രൂപ അധികം നൽകി | 3-3 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങളും അനുസരിച്ച് കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **14.07.2023 ലെ 4(1)** തീരുമാന പ്രകാരം തയ്യാറാക്കി **29-07-2023** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം ഡെപ്യൂട്ടി
ഡയറക്ടർ

തീയതി : 06-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 15716322.00യും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 19482622.00/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷൻ പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-5 ഫണ്ടിനങ്ങളിലെ ACR, AFS തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഫണ്ടിനങ്ങളിലെ ACR, AFS തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | AFS പ്രകാരം (I6+B3) | ACR പ്രകാരം |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 26677372 | 24932827 |
| വികസന ഫണ്ട്(എസ് സി പി) | 10243251 | 9514498 |
| CFC(Tied) | 4291704 | 5768611 |

2023 മാർച്ച് മാസാവസാനത്തിൽ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ , ക്യൂ ബിൽ ആവുകയും ബിൽ പാസാകാത്തതിനാൽ ടി തുകകൾ AFS ൽ വന്നിട്ടില്ലെന്നും , ACRൽ ചെലവ് വരികയും ചെയ്തു. കൂടാതെ G.O പ്രോജക്ടുകളുടെ തുക ACRൽ ഉൾപ്പെട്ടിട്ടില്ല.ആയതിനാലാണ് ടി വ്യത്യാസം വന്നതെന്ന് മറുപടി നല്കി.

## 1-1-6 ACR, Grant Statement തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് ACR, Grant Statement തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | Grant Statement പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 26677372 | 24932827 |

## 1-1-7 ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| Voucher Date | Instrument Date | Amount |
|---|---|---|
| 25.02.2023 | 25.02.2023 | 480 |
| 22.03.2023 | 22.03.2023 | 1417 |

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 16-03-2022 | 1/1 തീയതി. 14-03-2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 35422810 |
| വരവ് | 192830450 |
| ആകെ | 228253260 |
| ചെലവ് | 173347828 |

| | |
|---|---|
| നീക്കിയിരിപ്പ് | 54905432 |

കുറിപ്പ് :- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവ് തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27739638 | 27739638 | 24932827 | 2806811 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9514498 | 9514498 | 9514498 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10318000 | 10318000 | 5488600 | 4829400 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6807000 | 6807000 | 6290189 | 516811 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 9361980 | 9361980 | 5768611 | 3593369 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 4486339 | 4486339 | 3767111 | 719228 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 243 | 162569946 | 179 | 93634136 | 0 | 64 | 73.66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 330974 | 489340 | 820314 | 816126 | 4188 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 27987539 | 27987539 | 27987539 | 0 |

Capital Contribution(6559083) + I-14 C (21428456)=27987539

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 6135400 | 572 |
| വിധവാപെൻഷൻ | 15345000 | 1440 |
| വാർദ്ധക്യകാലപെൻഷൻ | 21683400 | 2121 |
| വികലാംഗപെൻഷൻ | 5496700 | 525 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1222400 | 114 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023 ന് 2.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 550/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) പഞ്ചായത്തിന്റെ റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.
2) മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.
3) ഡയറി എക്സ്റ്റൻഷൻ ഓഫീസർ ടി.ആർ-7എ കാഷ്ബുക്കിലൂടെയല്ല ഇടപാടുകൾ രേഖപ്പെടുത്തുന്നത്. കാഷ്ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2022-22.06.2022 | 01/2022-05/2022 | 17.08.2022 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 13-12-2007 | 1997-98 മുതൽ 2006-07 വരെ | 25-08-2008 |

## 1-11 തനത് വരുമാന സമാഹരണം-അവലോകനം

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 65,00,000 | 4931237 | 1568763 |
| Profession Tax | 20,00,000 | 13,65,140 | 634860 |
| Licence Fees | 1,70,000 | 1,49,900 | 20100 |
| Building Permit | 7,00,000 | 210699 | 489301 |

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 24.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 7/1 നമ്പർ തീരുമാന പ്രകാരം 17.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് പഞ്ചായത്ത് സമിതി യോഗം 19/2നമ്പർ തീരുമാന പ്രകാരം 14.08.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 14.08.2023 ന് 19/3 തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

6). പുതുക്കിയ വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പഞ്ചായത്താഫീസ്, മറ്റ് സ്ഥാപനങ്ങളിലും, ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

7). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള RAILWAY OFFICE ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സർവ്വീസ് ചാർജ് ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം

വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ ഒരു റേഷൻ കടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 1,49,900/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ്.

ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ. 2/10.10.2023 )

## 1-12 നിക്ഷേപ പ്രവൃത്തികൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | പ്രൊജെക്റ്റ് നമ്പർ | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക/ വിനിയോഗ സാക്ഷ്യപത്രം, മൂല്യനിർണ്ണയപ്രകാരം | ചെലവഴിക്കുവാൻ അവശേഷിക്കുന്ന / ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | 273/21 | 2020-21 | ഭൂജല വകുപ്പ് | 95,574 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 95,574 |
| 2 | 155/22 | 2021-22 | ഭൂജല വകുപ്പ് | 65,756 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് | 21,914 | 43,842 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 155/22 | 2021-22 | ഭൂജല വകുപ്പ് | 51,566 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 51,566 |
| 4 | 74/2022 | 2021-22 | ഭൂജല വകുപ്പ് | 2035 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | വിനിയോഗ വിവരം ലഭ്യമല്ല. | 2035 |
| 5 | 75/2022 | 2021-22 | ഭൂജല വകുപ്പ് | 1,63,714 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | വിനിയോഗ വിവരം ലഭ്യമല്ല. | 1,63,714 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നമ്പർ 1/11.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ഡിപ്പോസിറ്റ് തുകകളിൽമേലുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-13 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി-ചെലവ് തുക ₹93574/-തടസ്സം ചെയ്യുന്നു.**

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 20/2019/SPD Dt 13.05.2019, GO(RT) 7/2020/SPD Dt 05.02.2020, ,GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022, GO(Rt) 20/ 2023 /SPD Dt 24.02.2023 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹിച്ച താഴെ പറയുന്ന പദ്ധതി (ടെണ്ടർ നടപടിക്രമങ്ങളില്ലാതെ ARTCO യിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ) പ്രകാരം വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല. വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 350/23 കൃഷി ഭവനിലേക്ക് ഫർണീച്ചർ

അടങ്കൽ - 134534/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

22150352036801254875/25.02.2023 : 134534/-

ഇൻവോയ്സ് നം - MPM 126/09.01.2023 ₹ 134534/-

| ക്രമ നം | സാധനം | എണ്ണം | നിരക്ക് | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|---|
| 1 | Fiber Arm Chair | 100 | 680 | 80240 |
| 2 | STEEL CABINET WITH LOCKER (4 SHELVES 78"*36"*19" POWDER COAT FINISH) | 1 | 11300 | 13334 |
| | | | Total | 93574 |

ചെലവ് തുകയിൽ ബാക്കിയുള്ള തുക 40960/- രൂപ (134534-93574) മേൽ ഉത്തരവിൽ ഉൾപ്പെട്ട ഇനം (Steel Cabinet With 4 Fixed Shelves 78"*36"*19(20G))വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 18/17.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് തുക ₹93574/-തടസ്സം ചെയ്യുന്നു.

## 1-14 പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. 22/23 പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 1461920/- ( 353120 വികസന ഫണ്ട് പൊതു വിഭാഗം, 1108800- മെയിന്റനൻസ് ഫണ്ട് റോഡിതരം.)

ആകെ ചെലവ്- 14,61,920/- ( 353120 വികസന ഫണ്ട്.പൊതു വിഭാഗം., 1108800- മെയിന്റനൻസ് ഫണ്ട് റോഡിതരം )

ബിൽ നമ്പർ- 22150352037000653472/15.10.2022 : 5,31,214/-

ബിൽ നമ്പർ- 22150352037000866961/06.12.2022 : 3,76,229/-

(ചെലവ് തുകയിൽ ബാക്കിയുള്ള തുക പരിരക്ഷ നഴ്സ് വേതനം, വാഹന വാടക, ഭക്ഷണം എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്.)

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറിപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റ് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

ഉത്തരവ് ഖണ്ഡിക 2.9 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തീക വർഷത്തിനു മുൻപും പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി,എം.സി. അംഗീകാരം ലഭ്യമാക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരിക്കുന്നു. എന്നാൽ 2022-23 വർഷത്തിൽ 20.05.2022, 28.10.2022, 22.03.2023എന്നീ തീയതികളിലായി ആകെ 3 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്.

2.) ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രഫോർമ ഇൻവോയ്സ് 919/4.08.2023 ₹74418/-, പ്രഫോർമ ഇൻവോയ്സ് 918/04.08.2022-₹ 368013/-, പ്രഫോർമ ഇൻവോയ്സ് 915/4.08.2022-₹ 88783/-, പ്രഫോർമ ഇൻവോയ്സ് 2447/21.11.2022-₹ 376229/-) മേൽ ബില്ലുപ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പദ്ധതിയിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| **പ്രഫോർമ ഇൻവോയ്സ്** | **ഇൻവോയിസ് നം./ തീയ്യതി** | തുക |
|---|---|---|
| PRF919/4.08.2023 ₹74418/- | 19667/9.12.2022 | 74350 |
| | 1435/28.4.23 | 68 |
| | ആകെ | 74418/-(അവശേഷിക്കുന്ന തുക-0) |
| PRF918/04.08.2022-₹ 368013/- | 16281/7.11.22 | 6839 |
| | 18113/27.11.22 | 48737 |
| | 18731/25.11.2022 | 10786 |
| | 19884/13.12.22 | 3450 |
| | 21220/24.12.22 | 1004 |
| | 22375/7.01.23 | 3942 |
| | 22692/11.01.23 | 2218 |
| | 27114/16.03.23 | 3293 |
| | 27866/27.03.23 | 2867 |
| | 1553/3.05.23 | 2117 |
| | 5704/24.5.23 | 106910 |
| | 7565/3.6.23 | 13782 |
| | 12900/15.7.23 | 4565 |
| | 14659/29.7.23 | 5897 |

| | | |
|---|---|---|
| | 10735/21.8.23 | 3556 |
| | ആകെ | 219963/-(അവശേഷിക്കുന്ന തുക 148050) |
| PRF915/4.08.2022-₹ 88783/-) | 16278/7.11.22 | 35243 |
| | 1601/4.05.23 | 5106 |
| | 5698/24.05.23 | 7856 |
| | ആകെ | 48205/-(അവശേഷിക്കുന്ന തുക 40578) |
| PRF2447/21.11.2022-₹ 376229/-) | 24971/16.2.23 | 50791 |
| | 1598/4.5.23 | 55484 |
| | 6448/27.05.23 | 907 |
| | 10244/22.6.23 | 106772 |
| | 12617/13.7.23 | 9526 |
| | 13515/20.7.23 | 19641 |
| | ആകെ | 243121/- (അവശേഷിക്കുന്ന തുക -133108) |
| | മൊത്തം | 585707/-(അവശേഷിക്കുന്ന തുക -321736) |

ഇനിയും ലഭിക്കാത്ത മരുന്നുകൾ 321736/- ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ലഭ്യമായിട്ടില്ലെങ്കിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാനും മേൽ അപാകതകൾക്കും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 10/13.10.2023)ലഭ്യമാക്കിയ മറുപടിയിൽ പി.എം.സി മീറ്റിംഗ് കൃത്യമായി ചേരുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ പരിശോധനയക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 പി.എച്ച്.സി.യിലേക്ക് ഇൻവർട്ടർ വാങ്ങൽ -നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നമ്പർ- 123/23 പി.എച്ച്.സി.യിലേക്ക് ഇൻവർട്ടർ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

അടങ്കൽ- 60,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ - 22150352037001162918/09.02.23 ₹41,000/-

കീഴാറ്റൂർ പി.എച്ച്.സി.യിലേക്ക് ഇൻവർട്ടർ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകത കാണുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാലോ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് AM Electronics And Electricals, Pandikkad എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നടപടിയിലൂടെ 41,000/-രൂപയ്ക്ക് ഇൻവർട്ടർ,ബാറ്ററി എന്നിവ വാങ്ങിയിട്ടുള്ളത് ( ഇൻവോയ്സ് നമ്പർ 3081/02.01.2023 ₹41,000/-).

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 12/13.10.2023) ലഭ്യമാക്കിയ മറുപടിയിൽ GeM പോർട്ടലിൽ ജി മെയിൽ ഐഡി ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയക്ക് വാങ്ങലുകൾ അപ്രകാരമായിരിക്കുമെന്നും അറിയിച്ചു. ഭാവിയിലെ വാങ്ങൽ നടപടിക്രമങ്ങൾ GeM മുഖേനയായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 25/23 പി.എച്ച്.സി.യിലേക്ക് മരുന്ന് വങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 6,50,000/-( മെയിന്റനൻസ് ഫണ്ട് റോഡിതരം.)

ബിൽ നമ്പർ .22150352037000862087/02.12.2022 – 6,50,000/-

ഈ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രഫോർമ ഇൻവോയ്സ് 1896/28.10.2022 ₹6,50,000/-) മേൽ ബില്ല് പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പദ്ധതിയിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നം./ തീയ്യതി | തുക |
|---|---|
| 24958/15.2.23 | 1848 |
| 25551/23.2.23 | 1764 |
| 27030/16.03.23 | 22389 |
| 27240/20.03.23 | 74424 |
| 27880/27.3.23 | 3584 |
| 27920/28.3.23 | 1764 |
| 1958/5.5.23 | 2262 |
| 4294/18.5.23 | 8310 |
| 7632/3.6.23 | 99257 |
| 8523/10.6.23 | 482 |
| 10385/23.6.23 | 17455 |
| 10246/22.6.23 | 18099 |
| 11965/7.7.23 | 8081 |
| 3775/25.7.23 | 15747 |
| 15620/10.8.23 | 25760 |
| 16612/19.8.23 | 51808 |
| 16889/22.8.23 | 6888 |
| ആകെ | 359922/- (അവശേഷിക്കുന്ന തുക -290078) |

ഇനിയും ലഭിക്കാത്ത മരുന്നുകൾ 290078/- ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/13.10.2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ- അവലോകനം

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

നിലവിൽ 13 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 19 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ എല്ലാ വാർഡിലേക്കും അംഗങ്ങൾ ഇല്ല. നിലവിലെ അംഗങ്ങൾ തന്നെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം രണ്ട് മാസത്തിലൊരിക്കൽ നടത്തുന്ന രീതിയാണ് നിലവിലുള്ളത്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ലോക്കൽ മാർക്കറ്റിൽ നൽകുമ്പോൾ ലഭിക്കുന്ന തുകയാണ് ഹരിത കർമ്മസേനയുടെ വരുമാനം. 2022-23 വർഷങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 78/23 ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ (സ്പിൽ ഓവർ) | ധനകാര്യ കമ്മീഷൻ അവാർഡ് | 63750 | 63750 | സെക്രട്ടറി |
| | 29/23 ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 255000 | 255000 | സെക്രട്ടറി |
| 3 | 67/23 ഹരിത കീഴാറ്റൂർ സുന്ദര കീഴാറ്റൂർ (സ്പിൽ ഓവർ) | ധനകാര്യ കമ്മീഷൻ അവാർഡ് | 548689 | 148944 | വി.ഇ.ഒ |
| 4 | 20/23 ഹരിത കീഴാറ്റൂർ സുന്ദര കീഴാറ്റൂർ | ധനകാര്യ കമ്മീഷൻ അവാർഡ്, തനത് ഫണ്ട് | 2827000, 156000 ആകെ 2983000 | 2005173, 154935- ആകെ 2160108 | വി.ഇ.ഒ |

ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ലഭ്യമായ രേഖകൾ , രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ കൂടി ചെയ്യേണ്ടതുണ്ട് -

1. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിൽ നിർമ്മിക്കണം (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് വാർഡ് 7ൽ സ്വന്തമായ ഒരു എം സി എഫ് മാത്രമാണ് ഉള്ളത്. എം സി എഫ് ഇൽ സ്ഥല സൗകര്യമുണ്ട്. വൈദ്യുതി, വെള്ളം, ശുചിത്വ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങിയിട്ടില്ല.

2. വിവിധ വാർഡുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ എം സി എഫിൽ എത്തിക്കുന്നതിന് സ്വന്തമായി വാഹനസൗകര്യം ഇല്ല. നിലവിൽ വാഹനം ദിവസ വാടകയ്ക്കാണ് ഉപയോഗിക്കുന്നത്.

3.ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 40197101101731 ,40197101081899 എന്നീ നമ്പറുകളിൽ കേരള ഗ്രാമീണ ബാങ്ക് കീഴാറ്റൂർ ശാഖയിൽ രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ടുകൾക്കായി (വി.ജി.എഫ്.ഫണ്ട്) 40197101081899 എന്ന അക്കൗണ്ടും യൂസർ ഫീ കളക്ഷനുകൾക്കായി 40197101101731 എന്ന അക്കൗണ്ടും ഉപയോഗിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഒരു അക്കൗണ്ട് മാത്രം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മാലിന്യ ശേഖരണത്തിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. കളക്ഷൻ ബുക്ക് ഹരിത കർമ്മസേനയും കളക്ഷൻ കാർഡ് വീടുകളിലും സൂക്ഷിക്കുന്നു. കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ച് വരുന്നു. മാലിന്യത്തിന്റെ ലോഡ് കൊണ്ട് പോകുന്ന വിവരണപ്പട്ടിക പരിപാലിച്ച് വരുന്നു. കൂടാതെ ശമ്പള രജിസ്റ്റർ, റിവ്യൂമീറ്റിംഗ് രജിസ്റ്റർ, ഹാജർ പുസ്തകം, ദിവസ വരവ് രജിസ്റ്റർ എന്നിവയും ഹരിത കർമസേന പരിപാലിച്ച് വരുന്നു.

5. ഗ്രാമ പഞ്ചായത്തിൽ ഹരിതം, ശുചിത്വം എന്നീ പേരിൽ രണ്ട് സംരഭങ്ങൾ പ്രവർത്തിച്ച് വരുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ ചേരുന്നുണ്ട്.

6. കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടന്നിട്ടില്ല.

## 1-18 അംഗൻവാടികളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ -സർക്കാർ ഉത്തരവ് പാലിക്കാതെ 31896/- രൂപ അധികം നൽകി

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് | 308/2023, അംഗനവാടികളിലേക്ക് ഫർണിച്ചർ |

| | |
|---|---|
| അടങ്കൽ | 250000/- മെയിന്റനൻസ് ഫണ്ട്- റോഡിതരം |
| ചെലവ് | 212258/- |
| ബിൽനമ്പർ/ തീയതി | 25/ 14.02.2023 |
| ഇൻവോയ്സ് നമ്പർ | MPM 90/ 21-12-2022 |

1.'അംഗനവാടികളിലേക്ക് ഫർണിച്ചർ' പ്രോജക്റ്റ് പ്രകാരം അങ്കണവാടിയിലേക്ക് 15 അലമാരകൾ ടെണ്ടർ നടപടിക്രമങ്ങളില്ലാതെ അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്ക്കോ മുഖേന നേരിട്ട് വാങ്ങി നല്കുന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണോദ്യോഗസ്ഥ ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (11992 രൂപ) ആർട്ട്ക്കോ, മലപ്പുറം ഏജൻസിയുടെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

2.സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dtd. 13.05.2019, GO(RT) 20/2019/SPD Dtd. 13.05.2019,GO(RT) 20/2023/SPD Dtd. 24.03.2023,G.O(RT)No. 7/2022/SPD/2-2-22 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ മേൽ ഉത്തരവുകൾ പ്രകാരമുള്ളതിനേക്കാൾ അധികം വിലയിൽ സാധനങ്ങൾ ARTCO മുഖേന വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | റേറ്റ് | നികുതിയുൾപ്പെടെ ആകെ തുക |
|---|---|---|---|
| STEEL CABINET WITH 4 FIXED SHELVES WITH GLASS DOOR 78x36x19 (20G) | 15 | 11992 | 212258 |

മേൽ ഉത്തരവ് പ്രകാരം നല്കാവുന്ന തുക

| ഇനം | എണ്ണം | റേറ്റ് | ആകെ | CGST | SGST | നികുതിയുൾപ്പെടെ ആകെ തുക |
|---|---|---|---|---|---|---|
| STEEL CABINET WITH 4 FIXED SHELVES WITH GLASS DOOR 78x36x19(20G) | 15 | 10190 | 152850 | 13756 | 13756 | 180362 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക 31896/- രൂപ നല്കി ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/22-23 തി 17.10.1023 ന് 2019 മുതൽ സ്റ്റീൽ മെറ്റീരിയലിന് ഇരട്ടി തുകയായി വർദ്ധിച്ചതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുകക്ക് സാധനങ്ങൾ നൽകാൻ കഴിയാതിരുന്നെന്നും ആർട്ട്ക്കോ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നല്കി. വാങ്ങലുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ അധിക തുക 31896/- രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ -പ്രവൃത്തി പൂർത്തീകരിച്ചില്ല

തദ്ദേശ സ്വയം വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം DB3/753/2013/CE/LID&EW തി.10.11.2022 ,പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ 31.10.2022 ലെ സർക്കുലർ നം.PAN/3173/2021-J1(DP) എന്നിവ പ്രകാരം 30.11.2022 നകം R -Track Data Collection And Processing പൂർത്തികരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ ആപ്ലിക്കേഷൻ വഴിയും ആണ് പദ്ധതി നടപ്പിലാക്കുന്നത് . Road Connectivity Mapping And Asset Register Updation ( 339/23 ) എന്ന പദ്ധതി പൂർത്തീകരിക്കുന്നതിന് പ്രതിഫലമായി 3 പേർക്കായി 28690 നൽകിയിട്ടുണ്ട്. (വൗച്ചർ നം.33/21.1.2023)പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.9/13.10.23 ന് ആദ്യഘട്ടമായ ഡാറ്റ കളക്ഷൻ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഫയലുകൾ കത്തിക്കപ്പെട്ടു എന്ന് അറിയിച്ചതിനാൽ ഓഡിറ്റ് പരിശോധന നടത്താനായില്ല

21.06.2023 ന് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഒരു വ്യക്തി അതിക്രമിച്ച് കയറി തീവെച്ച വിഷയത്തിൽ മേലാറ്റൂർ പോലീസ്

എഫ് ഐ ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. 2022-23 വർഷത്തെ താഴെ പറയുന്ന രജിസ്റ്ററുകളും ഫയലുകളും കത്തി നശിച്ചതായി ഗ്രാമ പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. (നമ്പർ 400878/HSPCO1/GPO/23/3748 തി.21.9.23).

സെക്ഷൻ എ1

കത്തി നശിച്ച രജിസ്റ്ററുകൾ

| ക്രമനമ്പർ | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | കരുതലും കൈത്താങ്ങും ഫയലുകൾ,രജിസ്റ്റർ |
| 2 | ബിൽ രജിസ്റ്റർ |
| 3 | ഡ്യൂസ് രജിസ്റ്റർ |
| 4 | കണ്ടിജന്റ് രജിസ്റ്റർ |
| 5 | സ്റ്റോക്ക് രജിസ്റ്റർ |
| 6 | പഞ്ചായത്ത് മീറ്റിംഗ് നോട്ടീസ് ബുക്ക് |
| 7 | മെമ്പർമാരുടെ യാത്രാബത്ത ഫയലുകൾ |
| 8 | പേ സർട്ടിഫിക്കറ്റ് രജിസ്റ്റർ |
| 9 | ലേലം രജിസ്റ്റർ |
| 10 | ISO എ1 രജിസ്റ്റർ |
| 11 | റെക്കോർഡ് റൂം രജിസ്റ്റർ |
| 12 | റെക്കോർഡ് റൂം മൂവ്മെന്റ് രജിസ്റ്റർ |

സെക്ഷൻ എ2

കത്തി നശിച്ച ഫയലുകൾ

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ | |
|---|---|---|
| 1 | 75/23 | 6 മുതൽ 10 വരെ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം |
| 2 | 76/23 | 1മുതൽ 15 വരെ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം |
| 3 | 74/23 | 1മുതൽ 5 വരെ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം |
| 4 | 77/23 | 16 മുതൽ 19 വരെ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം |
| 5 | 29/23 | ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ |
| 6 | 71/23 | നെന്മിനി കാഞ്ഞിരക്കുളം അംഗൻവാടി വൈദ്യുതീകരണം |
| 7 | 343/ 23 | കേരളോൽസവം |
| 8 | 78/23 | ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകൽ |
| 9 | 28/23 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| 10 | 236/23 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറുകളുടെ എ.എം.സി |
| 11 | 234/23 | എസ്.എസ്.എ വിഹിതം നൽകൽ |
| 12 | 80/23 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് |
| 13 | 82/23 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണം |
| 14 | 235/23 | എസ്.എസ്.എ വിഹിതം നൽകൽ എസ് സി |
| 15 | 228/23 | ഐ.കെ.എം വിഹിതം നൽകൽ |
| 16 | 234 /23 | കോക്കാട് അംഗൻവാടി വൈദ്യുതീകരണം |
| 17 | 70 /23 | തെരുവ് വിളക്ക് റിപ്പയർ |

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ കത്തി നശിച്ചതായി അറിയിച്ചതിനാൽ പ്രസ്തുത രേഖകൾ സംബന്ധിച്ച കൃത്യത ഓഡിറ്റിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ വിഷയത്തിൽ കോടതിയുടെ തീർപ്പിന് വിധേയമായി തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്,കടലാക്രമണം, അത്യാഹിതം,മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി,ഒരു

പ്രമേയം മൂലം മറ്റ ഫണ്ടുകളിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചുംവ്യക്തികൾ,സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ് , സെക്രട്ടറി ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര ധനസഹായം നൽകുവാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നു.

കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതു സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുണ്ടായിരുന്നു. ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 4/11.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ദുരിതാശാസനിധി രൂപീകരിക്കുന്ന കാര്യം അജണ്ടയിൽ ഉൾപ്പെടുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ദുരിതാശ്വാസനിധി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജെക്റ്റ് നമ്പർ / തിയതി | ചെലവ് തുക | ബിൽ /വൗച്ചർ നമ്പർ/ തിയതി |
|---|---|---|
| 82 /2022-23 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം നൽകൽ So തനത് ഫണ്ട് | 2,65,000 | 22200307/5.8.2022 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജെക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് നമ്പർ 8/ 13.10.23 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 മരം വെട്ടുകൂലി -തുക ഈടാക്കേണ്ടതാണ്

കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിലെ 5ാം വാർഡിൽ താമസിക്കുന്ന ശ്രീ ഷിഹാബുദ്ദീൻ ,തെക്കോപാടൻ വീട് , കൊണ്ടിപ്പറമ്പ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 5/311എ നമ്പർ വീടിന് മുകളിലേക്ക് ശ്രീ കുന്നമ്മൽ അയമ്മുട്ടി എന്നയാളുടെ പുരയിടത്തിലുള്ള മരക്കൊമ്പുകൾ ചാഞ്ഞു നിൽക്കുന്നുണ്ടെന്നും ആയത് വീടിന് ഭീഷണിയാകുന്നുണ്ടെന്നും കാണിച്ച് ശ്രീ ഷിഹാബുദ്ദീൻ ഗ്രാമ പഞ്ചായത്തിൽ പരാതി നൽകിയിരുന്നു.ഗ്രാമ പഞ്ചായത്തിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ കുന്നമ്മൽ അയമ്മുട്ടിക്ക് നോട്ടീസ് നൽകിയെങ്കിലും ടിയാൻ മരക്കൊമ്പുകൾ മുറിച്ച് മാറ്റിയില്ല. മേൽ സാഹചര്യത്തിൽ വീടിന് ഭീഷണിയായി നിൽക്കുന്ന മരക്കൊമ്പുകൾ മുറിച്ച് മാറ്റുവാനും ആയതിനു വേണ്ട ചെലവ് തനത് ഫണ്ടിൽ നിന്നും കണ്ടെത്താനും മേൽ തുക ശ്രീ കുന്നമ്മൽ അയമ്മുട്ടിയിൽ നിന്നും ഈടാക്കുന്നതിനും 10.10.2022 ലെ 11(1) നമ്പർ ഗ്രാമ പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. മരക്കൊമ്പുകൾ മുറച്ച മാറ്റാൻ 2100 രൂപ ചെലവ് വന്നിട്ടുണ്ട്. (വൗച്ചർ നമ്പർ 22200507/1.11.2022) . മേൽ തുക ശ്രീ അയമ്മുട്ടിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 5/12.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. 2100 രൂപ ശ്രീ അയമ്മുട്ടിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 വാഹന ഉപയോഗം സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്

വാഹന ഉപയോഗം സംബന്ധിച്ച് സ.ഉ(എംഎസ് ) നം 170/ 07 തസ്വഭവ തി. 30.6.07 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെഎൽ 53 ഡി1 നമ്പർ ബൊലെറോ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് പരിശോാധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ഓരോ മാസാവസാനവും സംക്ഷിപ്തം തയ്യാറാക്കി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2 കസ്റ്റോഡിയൻ ഓഫീസർ ലോഗ്ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3 ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ലോഗ്ബുക്കിൽ പതിച്ച വച്ചിട്ടില്ല.

4 ലോഗ് ബുക്കിൽ പീരീഡ് ഓഫ് ഹാൾട്ട് രേഖപ്പെടുത്തുന്നില്ല.

5 ഇന്ധന ഓർഡർ ബുക്ക്,സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നമ്പർ 19/17.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-25 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം- അപാകതകൾ

സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.22 ഖ3.1.2(ബി) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 4 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പല വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെയും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തിയതികൾ

12.12.22,31.12.22

2. വർക്കിംഗ് ഗ്രൂപ്പ് മിനട്ട്സ് ക്ലോസ് ചെയ്യുന്നില്ല.ഉദാ. വനിതാ വികസനം തിയതികൾ 12.1.2.22,31.12.22

3. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.ഉദാ. ദാരിദ്ര്യ ലഘൂകരണം,സാമൂഹ്യനീതി, വനിതാവികസനം.

4. പല വർക്കിംഗ് ഗ്രൂപ്പുകളിലും കാര്യമായ ചർച്ചകൾ നടത്താതെ പ്രൊജെക്ടിന്റെ പേര് മാത്രം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.ഉദാ, വിദ്യാഭ്യാസം,കല, സംസ്കാരം

5. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ കുറവാണ്. ഉദാ. പ്രാദേശിക സാമ്പത്തിക വികസനം.12.12.22 തിയതിയിൽ 3 അംഗങ്ങളും 9.1.23 ൽ 4 അംഗങ്ങളുമാണ് പങ്കെടുത്തിട്ടുള്ളത്.

6. പട്ടികജാതി, പട്ടിക വർഗവികസനം, പാർപ്പിടം, ദുരന്തനിവാരണം കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം ,ജൈവവൈവിധ്യം വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

7. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ മോണിറ്റർ ചെയ്യേണ്ടതുണ്ട്.എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ നിർവഹണ ഉദ്യോഗസ്ഥർ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 17 /17.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-26 മെറിറ്റോറിയസ് സ്കോളർഷിപ്പ്-5000/- രൂപ അധികം നൽകി

| | |
|---|---|
| പ്രൊജെക്ട് നമ്പർ/പേര് | 274/22-23 / പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| ആകെ അടങ്കൽ | 6,25,000 രൂപ വികസന ഫണ്ട്-എസ് സി പി<br>6,25,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 6,45,000രൂപ വികസന ഫണ്ട് എസ് സി പി<br>6,25,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

സ.ഉ(കൈ) 115 / 2022 തസ്വഭവ തി. 28.5.22 ഖ 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തുന്ന ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്.

മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

താഴെ പറയുന്ന വിദ്യാർത്ഥിക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്

| വിദ്യാർത്ഥിയുടെ പേര്<br>മേൽ വിലാസം | അനുവദിച്ച തുക | ബിൽ നമ്പർ / തിയതി |
|---|---|---|
| ജിബിൻ കെ പി<br>കല്ലിങ്ങൽ പറമ്പിൽ വീട്<br>പട്ടിക്കാട് പി ഒ | 20,000 | 22150352027201355358<br>തി.15.3.23 |

കോ-ഓപ്പറേറ്റിവ് ട്രെയിനിംഗ് സെന്ററിൽ ജെ.ഡി.സി കോഴ്സ് പഠിക്കുന്നുവെന്നാണ് കോഴ്സ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.പ്ലസ് ടുവിന് ശേഷമുള്ള സർക്കാർ അംഗീകൃത റഗുലർ കോഴ്സിന് 15,000 രൂപയാണ് മേൽ മാർഗരേഖ പ്രകാരം നൽകാവുന്നത്.5000 രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നമ്പർ 6/12.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 5000 രൂപ തിരിച്ചടവാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും തിരിച്ചടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് വിവരം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ സ്കോളർഷിപ്പ് തുക ക്രമീകരിക്കുകയോ ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-27 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജെക്ട് നമ്പർ/പേര് | 323/22-23 / ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| ആകെ അടങ്കൽ | 1,00,000രൂപ വികസന ഫണ്ട്<br>2,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | 2,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 98,676 രൂപ വികസന ഫണ്ട്<br>2,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,97,814 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. സ.ഉ(കൈ) 115 / 2022 തസ്വഭവ തി. 28.5.22 ഖ 6.3.9 പ്രകാരം ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സ്ഡി 40,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. മേൽ പ്രൊജെക്റ്റിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. താഴെ പറയുന്ന ഗുണഭോക്താവിന് സബ്സിഡി അധികമായി നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | ക്ഷീരസഹകരണ സംഘം | കാലയളവ് | അനുവദിച്ച തുക | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|
| ശ്രീ. സക്കീർ സി കെ | പൂന്താനം ക്ഷീരോൽപ്പാദക സഹകരണ സംഘം | 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ | 45,570 | 22150352040800980961 തി. 30.12.22 |

മേൽ ഗുണഭോക്താവിന് ക്രമ നമ്പർ (1) ബില്ലിൽ ഉൾപ്പെടുത്തി 40,000 രൂപയ്ക്ക് പകരം 45,570 രൂപ നൽകുക വഴി 5570 രൂപ കൂടുതൽ സബ്ഡിഡി നൽകിയിട്ടുണ്ട്.

2. മേൽ പ്രൊജക്റ്റിന്റെ നിർവഹണത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | അനുവദിച്ച തുക | ബിൽ നമ്പർ / തിയതി | ഫണ്ട് |
|---|---|---|---|
| 1 | 79,626 | 22150352040800980961 /30.12.22 | വികസന ഫണ്ട് |
| 2 | 19,050 | 22150352040801259376/22.2.23 | വികസന ഫണ്ട് |
| | ആകെ | 98,676 രൂപ | |
| 1 | 1,42,362 | 22150352040800980952/30.12.22 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 2 | 57,638 | 22150352040801077406/11.1.23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ആകെ | 2,00,000 രൂപ | |
| 1 | 1,39,593 | 22150352040801259370/27.2.23 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 2 | 58,221 | 22150352040801370418/27.2.23 | ജില്ലാ പഞ്ചായത്ത് വിഹിതം |

| | | | |
|---|---|---|---|
| | ആകെ | 1,97,814 രൂപ | |

ഗുണഭോക്താക്കളുടെ അപേക്ഷയും ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ എന്നിവയും പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരാണോ എന്ന് ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

3. ജില്ലാ പഞ്ചായത്ത് വിഹിതം (1,97,814 രൂപ) ചെലവഴിച്ചതിന്റെ ബില്ല്, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ , നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 15/16.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമനമ്പർ 1 പ്രകാരമുള്ള 5570 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമനമ്പർ 2,3 എന്നിവ പ്രകാരമുള്ള തുക 4,90,920 രൂപ (93,106+2,00,000+ 1,97,814) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**1-28 സാക്ഷരത മിഷൻ - പത്താം തരം തുല്യത പരീക്ഷക്ക് ഫീസ് അടവാക്കൽ -വിനിയോഗ വിവരം ലഭ്യമല്ല. ചെലവ് തുക ₹44,400/- തടസ്സം ചെയ്യുന്നു.**

പ്രൊജക്ട് : S0240/2023 പത്താം തരം തുല്യത

നിർവ്വഹണോദ്യോഗസ്ഥ- ഹെഡ് മിസ്ട്രസ്

അടങ്കൽ - 60,000/- (തനത് ഫണ്ട് )

വൗച്ചർ നമ്പർ 22200756/12-01-2023 : 44,400/-(തനത് ഫണ്ട്)

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 24 വിദ്യാർത്ഥികൾക്ക് പത്താം തരം തുല്യതയ്ക്ക് കോഴ്സ് ഫീസിനത്തിൽ 1750 രൂപ നിരക്കിലും(24*1750-42,000/-) രജിസ്ട്രേഷൻ ഫീസിനത്തിൽ 100 രൂപ നിരക്കിലും(24*100-2400/-) ആകെ 44,400/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ തുക കൈപ്പറ്റിയതിന്റെ രസീതി/വിനിയോഗ സാക്ഷ്യപത്രം ഓരോ വിദ്യാർത്ഥിയും തുല്യതാ പരീക്ഷയ്ക്ക് രജിസ്ററർ ചെയ്തതിന്റെ രേഖകൾ, പഠനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/13.10.2023) ലഭ്യമാക്കിയ മറുപടിയിൽ രസീതി/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 16 വിദ്യാർത്ഥികളുടെ പരീക്ഷ കഴിഞ്ഞു എന്നും പരീക്ഷ ഫലം വന്നിട്ടില്ല എന്നും, ബാക്കിയുള്ള പഠിതാക്കളുടെ കുറവുകൾ ഈ വർഷം പൂർത്തിയാക്കി അവരെ പരീക്ഷ എഴുതിക്കാമെന്നും അറിയിച്ചു. രസീതി/വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹44,400/- തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 മെറിറ്റോറിയസ് സ്കോളർഷിപ്പ്-5000/- രൂപ അധികം നൽകി**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര് | 274/22-23/പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| ആകെ അടങ്കൽ | 6,45,000 രൂപ വികസന ഫണ്ട്-എസ് സി പി<br>6,25,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 6,45,000രൂപ വികസന ഫണ്ട് എസ് സി പി<br>6,25,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

സ.ഉ(കൈ) 115 / 2022/ തസ്വഭവ തി. 28.5.22 ഖണ്ഡിക 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തുന്ന ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം

നടത്തിവരുന്ന പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക്ക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്.

മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

താഴെ പറയുന്ന വിദ്യാർത്ഥിക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്

| വിദ്യാർത്ഥിയുടെ പേര്<br>മേൽ വിലാസം | അനുവദിച്ച തുക | ബിൽ നമ്പർ / തിയതി |
|---|---|---|
| ജിബിൻ കെ പി<br>കല്ലിങ്ങൽ പറമ്പിൽ വീട്<br>പട്ടിക്കാട് പി ഒ | 20,000 | 22150352027201355358<br>തി.15.3.23 |

കോ-ഓപ്പറേറ്റിവ് ട്രെയിനിംഗ് സെന്ററിൽ ജെ.ഡി.സി കോഴ്സ് പഠിക്കുന്നുവെന്നാണ് കോഴ്സ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.പ്ലസ് ടുവിന് ശേഷമുള്ള സർക്കാർ അംഗീകൃത റഗുലർ കോഴ്സിന് 15,000 രൂപയാണ് മേൽ മാർഗരേഖ പ്രകാരം നൽകാവുന്നത്.5000 രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നമ്പർ 6/12.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 5000 രൂപ തിരിച്ചടവാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും തിരിച്ചടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് വിവരം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ സ്കോളർഷിപ്പ് തുക ക്രമീകരിക്കുകയോ ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -5570 രൂപ അധികം നൽകി

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജെക്ട് നമ്പർ/പേര് | 323/22-23 / ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
|---|---|
| ആകെ അടങ്കൽ | 1,00,000രൂപ വികസന ഫണ്ട്<br>2,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 98,676 രൂപ വികസന ഫണ്ട്<br>2,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,97,814 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |

ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. സ.ഉ(കൈ) 115 / 2022 /തസ്വഭവ തി. 28.5.22 ഖ 6.3.9 പ്രകാരം ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. മേൽ പ്രൊജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. താഴെ പറയുന്ന ഗുണഭോക്താവിന് സബ്സിഡി അധികമായി നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | ക്ഷീരസഹകരണ സംഘം | കാലയളവ് | അനുവദിച്ച തുക | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|
| ശ്രീ. സക്കീർ സികെ | പൂന്താനം ക്ഷീരോൽപ്പാദക സഹകരണ സംഘം | 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ | 45,570 | 22150352040800980961<br>തി. 30.12.22 |

മേൽ ഗുണഭോക്താവിന് 40,000 രൂപയ്ക്ക് പകരം 45,570 രൂപ നൽകുക വഴി 5570 രൂപ കൂടുതൽ സബ്ഡിഡി നൽകിയിട്ടുണ്ട്.

2. മേൽ പ്രൊജക്ടിന്റെ നിർവഹണത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | അനുവദിച്ച തുക | ബിൽ നമ്പർ / തിയതി | ഫണ്ട് |
|---|---|---|---|
| 1 | 79,626 | 22150352040800980961<br>/30.12.22 | വികസന ഫണ്ട് |

| | | | |
|---|---|---|---|
| 2 | 19,050 | 22150352040801259326/ 22.2.23 | വികസന ഫണ്ട് |
| | ആകെ | 98,676 രൂപ | |
| 1 | 1,42,362 | 22150352040800980952/ 30.12.22 | ബ്ലോക്ക് പഞ്ചായത്ത വിഹിതം |
| 2 | 57,638 | 22150352040801077406/ 11.1.23 | ബ്ലോക്ക് പഞ്ചായത്ത വിഹിതം |
| | ആകെ | 2,00,000 രൂപ | |
| 1 | 1,39,593 | 22150352040801259370/27.2.23 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 2 | 58,221 | 22150352040801370418/27.2.23 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | ആകെ | 1,97,814 രൂപ | |

ഗുണഭോക്താക്കളുടെ അപേക്ഷയും ആധാർ കാർഡ്,ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ എന്നിവയും പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരാണോ എന്ന് ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

3. ജില്ലാ പഞ്ചായത്ത് വിഹിതം (1,97,814 രൂപ) ചെലവഴിച്ചതിന്റെ ബില്ല്, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ , നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 15/16.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ക്രമനമ്പർ 1 പ്രകാരമുള്ള 5570 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമനമ്പർ 2,3 എന്നിവ പ്രകാരമുള്ള തുക 4,90,920 രൂപ (93,106 + 2,00,000 + 1,97,814) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 അംഗൻവാടികളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -സർക്കാർ ഉത്തരവ് പാലിക്കാതെ 31896/- രൂപ അധികം നൽകി

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് | 308/2023, അംഗനവാടികളിലേക്ക് ഫർണിച്ചർ |
| അടങ്കൽ | 250000/- മെയിന്റനൻസ് ഫണ്ട്- റോഡിതരം |
| ചെലവ് | 212258/- |
| ബിൽനമ്പർ/ തീയതി | 25/ 14.02.2023 |
| ഇൻവോയ്സ് നമ്പർ | MPM 90/ 21-12-2022 |

1. 'അംഗനവാടികളിലേക്ക് ഫർണിച്ചർ' പ്രോജക്ട് പ്രകാരം അങ്കണവാടിയിലേക്ക് 15 അലമാരകൾ ടെണ്ടർ നടപടിക്രമങ്ങളില്ലാതെ അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോ മുഖേന നേരിട്ട് വാങ്ങി നല്കുന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണോദ്യോഗസ്ഥ ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (11992 രൂപ) ആർട്ട്ക്കോ, മലപ്പുറം ഏജൻസിയുടെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

2.സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dtd. 13.05.2019, GO(RT) 20/2019/SPD Dtd. 13.05.2019,GO(RT) 20/2023/SPD Dtd. 24.03.2023, GO(RT) 7/2022/SPD Dtd. 02.02.2022 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ മേൽ ഉത്തരവുകൾ പ്രകാരമുള്ളതിനേക്കാൾ അധികം വിലയിൽ സാധനങ്ങൾ ARTCO മുഖേന വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | റേറ്റ് | നികുതിയുൾപ്പെടെ ആകെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| STEEL CABINET WITH 4 FIXED SHELVES WITH GLASS DOOR 78x36x19 (20G) | 15 | 11992 | 212258 |

മേൽ ഉത്തരവ് പ്രകാരം നല്കാവുന്ന തുക

| ഇനം | എണ്ണം | റേറ്റ് | ആകെ | CGST | SGST | നികുതിയുൾപ്പെടെ ആകെ തുക |
|---|---|---|---|---|---|---|
| STEEL CABINET WITH 4 FIXED SHELVES WITH GLASS DOOR 78x36x19 (20G) | 15 | 10190 | 152850 | 13756 | 13756 | 180362 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക 31896/- രൂപ നല്കി ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/22-23 തി 17.10.1023 ന് 2019 മുതൽ സ്റ്റീൽ മെറ്റീരിയലിന് ഇരട്ടി തുകയായി വർദ്ധിച്ചതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുകക്ക് സാധനങ്ങൾ നൽകാൻ കഴിയാതിരുന്നെന്നും ആർട്ട്കോ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നല്കി. വാങ്ങലുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ അധിക തുക 31896/- രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 284000 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ 258/ 23 - സുഭിക്ഷ കേരളം | 284000 | 0 |
| | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 323/23 | 200000 | 0 |
| | 80000 | Life General 88/23 | 80000 | 0 |
| | 600000 | ഭിന്നശേഷി സ്കോളർഷിപ്പ് (233/ 23 ) | 600000 | 0 |

| | | | | |
|---|---|---|---|---|
| | 600000 | ഒറവംപുറം പള്ളിപ്പടി അംഗനവാടി കെട്ടിടനിർമ്മാണം (311/ 23 ) | 600000 | 0 |
| | 400000 | Life S.c (228/23) | 400000 | 0 |
| | 767730 | Life S.c (113/23) | 767730 | 0 |
| ജില്ലാ പഞ്ചായത്ത് | 197814 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 323/24 | 197814 | 0 |
| | 200000 | ഭിന്നശേഷി സ്കോളർഷിപ്പ്(233/ 23 ) | 200000 | 0 |
| | 500000 | Sc ലാപ്ടോപ്പ് (85/23) | 500000 | 0 |
| | 3060885 | Life S.c (87/23) | 3060885 | 0 |
| | 900000 | Life S.c (113/23) | 900000 | 0 |
| | 625000 | പട്ടികജാതി വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 625000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | തോട്ടിന്തക്കര, ചെമ്മന്തട്ട, കാര്യമാട്, കൊണ്ടിപറമ്പ് വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (74/23) | 1.XVFC/2022-23 /P/15 തി:25.08.2022<br>2. XVFC/2022-23/ P/24 തി:28.01.2022 | 6105<br>99908 | 0 | പൂർത്തീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 106013 |
| GWD | കീഴാറ്റൂർ, പൂന്താവനം, ആനപ്പാംകുഴി, കണ്ണ്യാല, മഖാംപടി വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (75/23) | 1.XVFC/2022-23/P/16 തി:25.08.2022 | 2035 | 0 | പൂർത്തീകരി ച്ചിട്ടില്ല. വിനിയോഗ സാ ക്ഷ്യപത്രം ലഭ്യമല്ല | 2035 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| GWD | പട്ടിക്കാട് , മുള്ള്യാകുർശ്ശിസൗത്ത് , മുള്ള്യാകുർശ്ശി നോർത്ത് , പറമ്പൂർ , നെന്മിനി വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (76/23) | 1.XVFC/2022-23/P/14 തി:25.08.2022<br>2.XVFC/2022-23/P/26 തി:28.10.2022<br>3.XVFC/2022-23/P/46 തി:06.12.2022 | 2035<br>170971<br>2035 | 0 | പൂർത്തീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 175041 |
| GWD | നെന്മിനി ഈസ്റ്റ് , നല്ലൂർ, തച്ചിങ്ങനാടം, അരീച്ചോല വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (77/23) | 1. XVFC/2022-23/P/13 തി:25.08.2022<br>2.XVFC/2022-23/P/27 തി:28.10.2022<br>3.XVFC/2022-23/P/47 തി:06.12.2022<br>4.XVFC/2022-2/P/108 തി:13.02.2023 | 2035<br>105612<br>2035<br>2035 | 0 | പൂർത്തീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1,11,717 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് | ലഭ്യമല്ല | 18670000 | 2069260 | 2529264 | | 18209996 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12632104 |
| തൻവർഷം നിക്ഷേപിച്ച തുക | 852669 (Interest) |
| ആകെ | 13484773 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13484773 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം**

2022-23: AFS മായി പൊരുത്തപ്പെടുന്ന രീതിയിൽ ചേർക്കുക.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| പട്ടിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2467247*5=12336235 | 10989-93/04.01.2023 |
| തച്ചിങ്ങനാടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1148538 | 36208/18.10.2023 |

## 4-7 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2020-21 | 1-20 | 2500 | ഷിഹാബുദ്ദീൻ, കോൺട്രാക്ടർ | 1220106568 ,25/01/2023 |
| 2021-22 | 1-13<br>1-22 | 2500<br>420 | ഷിഹാബുദ്ദീൻ<br>കോൺട്രാക്ടർ | 1220106567, 25/01/2023<br>1220106600,27/01/2023 |
| | ആകെ | 5420 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 3(8) | 2005-06 | വനിതാ സഹകരണ സംഘത്തിന് ധനസഹായം | നടപടികൾ തുടരുന്നു |
| 2001-02 | 3(11) | 2006-07 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് | നടപടികൾ തുടരുന്നു |
| 2001-02 | 3(3) | 2006-07 | അരിക്കണ്ടം പാക്ക് ചുമ്രവട്ടം റോഡ് -മരാമത്ത് പണി- അധികം തുക നൽകി | നടപടികൾ തുടരുന്നു |
| 2001-02 | 3(4) | 2006-07 | കീഴാറ്റൂർ മണിയാണിനിക്കടവ് റോഡ് ടാറിങ്ങ് | നടപടികൾ തുടരുന്നു |
| 2006-07 | 2(4) | 2010-11 | മരാമത്ത് അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 96-97 | 12 | ശ്രീ. മുഹമ്മദ് ബഷീർ | LF 7905/ Spl.cell/SC1 /2000/01.07.2002 | 12848 | തുക അടവാക്കിയിട്ടില്ല. |
| 2 | 2002-03 | 3(3),3(4) | ശ്രീ.ദിവാകരൻ | LF 21218/ Spl.cell/SC5/05 31.8.09/10.9.09 | 98086 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലഭ്യമല്ല,2003-04 ലേത് ഉൾപ്പെടെ |
| 3 | 2003-04 | 3-25 | ശ്രീ.പി.ദിവാകർ | LF 19433/ Spl.cell/SC5/09 12/2010 | 37381 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല |
| 4 | 2007-08 | 3-10 | ശ്രീ.സി.ആർ.കൃഷ്ണകമാർ | LF 17136/Sp. Cell/SC-D1/12 Dt. 24.10.14 | 203846 | OP 1128/11 ജില്ലാ കോടതി എറണാകുളം |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 192830450 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 173347828 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 42466 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 893894 |

കുറിപ്പ് :- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവ് തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5000 | ശ്രീ അനീസ് ബാബു പി, അസി. സെക്രട്ടറി |
| 3-2 | | 5570 | ശ്രീമതി ദിവ്യ ജി. എൻ ഡയറി ഡെവലപ്പ്മെന്റ് ഓഫീസർ |
| 3-3 | | 31,896 | ശ്രീമതി.സബീന ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | ആകെ | 42,466 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 2,65,000 | ശ്രീ രാജേഷ് കുമാർ. എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-27 | 4,90,920 | ശ്രീമതി ദിവ്യ ജെ. എൻ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-28 | 44,400 | ശ്രീമതി.ജ്യോതിർമയി, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. പട്ടിക്കാട് |
| 1-13 | 93,574 | ശ്രീമതി. റജീന.കെ, കൃഷി ഓഫീസർ |
| ആകെ | 893894 | |

**സ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനീസ്ബാബു. പി.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് | അരക്കൽ പറമ്പൻ<br>(ഹൗസ്)<br>തേലക്കാട് (പി.ഒ)<br>മലപ്പുറം-679325 |
| ശ്രീമതി. ദിവ്യ. ജി.എൻ.<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br>DE സർവ്വീസ് യൂണിറ്റ്<br>മിനി സിവിൽ സ്റ്റേഷൻ, പെരിന്തൽമണ്ണ | മൂലയിൽ ( ഹൗസ്)<br>ശ്രീകൃഷ്ണപുരം(പി.ഒ.)<br>പാലക്കാട്<br>679513 |
| ശ്രീമതി.സബീന<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,<br>പുഴക്കാട്ടിരി | ചോലത്തല( ഹൗസ്)<br>കടന്നമണ്ണ (പി.ഒ.)<br>മങ്കട<br>679324 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | KSA MPM11/1435/2019 Dtd 05-02-2021 | 26 |
| 1998-99 | KSA MPM11/29/22 (2)Dtd 11-05-2023 | 11 |
| 1999-2000 | KSA MPM11/29/22 (3)Dtd 11-05-2023 | 1 |
| 2000-2001 | KSA MPM 11/29/22 (4)Dtd 11-05-2023 | 8 |
| 2001-2002 | KSA MPM 11/29/22 (5)Dtd 11-05-2023 | 5 |
| 2002-2003 | KSA MPM16/1236/2007 Dtd14-2-2011 | 29 |
| 2003-2004 | KSA MPM 11/29/22 (7)Dtd 11-05-2023 | 4 |
| 2004-2005 | KSA MPM 11/29/22 (8)Dtd 11-05-2023 | 11 |
| 2005-2006 | KSA.MPM11/335/2019 Dtd 13-05-19 | 3 |
| 2006-2007 | KSA MPM11/1391/2019(1) Dtd 14.10.19 | 15 |
| 2007-2008 | KSA MPM11/1391/2019(2) Dtd 18.10.19 | 6 |
| 2008-2009 | KSA MPM11/1391/2019 Dtd 31.10.19 | 9 |
| 2009-10 &2010-11 | KASMPM 11 /2388/2018/03.06.19 | 18 |
| 2011-12 & 2012-13 | KSA MPM11/29/22 (9)Dtd 11-05-2023 | 6 |

| | | |
|---|---|---|
| 2013-14 & 2014-15 | KSA MPM11/29/22 (10)Dtd 11-05-2023 | 2 |
| 2015-16 | KSA/MPM(11)/29/22(11) Dtd 13.06.2023 | 4 |
| 2016-17 | KSA/MPM(11)/29/22(12) Dtd 13.06.2023 | 6 |
| 2017-18 | KSA/MPM(11)/29/22(13) Dtd 13.06.2023 | 8 |
| 2018-19 | KSA/MPM(11)/29/22(14) Dtd 08.06.2023 | 1 |
| 2019-20 | KSA/MPM11/914/22 Dt 01.09.2022 | 2 |
| 2020-21 | KSA/MPM11/913/22 Dt 23-11-2022 | 6 |
| 2021-22 | KSA/MPM11/2504/22 Dt 25-05-2023 | 10 |

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 14-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Keezhattur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Keezhattur Grama Panchayat for the year 2022-2023

**Date: 06/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Keezhattur Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

- The following mandatory financial statements prescribed in accounting rules are not submitted for audit.
  i. Ratios.
  ii. Comparative amounts.
- Cashflow Statement Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
- Asset register is not up to date and is not reliable for audit.
- I-6 schedule of AFS does not match with ACR
- ACR and Grant statement are not reconciled in respect of development fund.
- No action has been taken tp reconciled, the amounts added as Âdirectly debited by bank in the bank reconciliation statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്